# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 03/02/2020

## വേനൽക്കാലത്ത് ട്രാഫിക്ക് ഉദ്യോഗസ്ഥർക്ക്
## കൊല്ലം സിറ്റി പോലീസിന്റെ കുടിവെള്ള വിതരണം

കൊല്ലം : കൊല്ലം സിറ്റി പരിധിയിൽ ട്രാഫിക്ക് ഡ്യൂട്ടിയിലുള്ള ഉദ്യോഗസ്ഥർക്ക് കുടിവെള്ളം നൽകുന്ന പരിപാടിക്ക് തുടക്കം കുറിച്ചു.03.02.2020 -ൽ കൊല്ലം താലൂക്ക് ഓഫീസ് ജംഗ്ഷനിൽ നടന്ന പരിപാടി കൊല്ലം സിറ്റി പോലീസ് കമ്മീഷണർ നാരായണൻ റ്റി. IPS ഉദ്ഘാടനം ചെയ്തു. കടുത്ത വേനൽ ആരംഭിച്ച വേളയിൽ കൊടുംചൂടിൽ ഡ്യൂട്ടി ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് ആശ്വാസമാകുകയാണ് സിറ്റി പോലീസിന്റെ കുടിവെള്ള വിതരണ പദ്ധതി. ട്രാഫിക്ക് ഡ്യൂട്ടി ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് അവർ ഡ്യൂട്ടി ചെയ്യുന്ന സ്ഥലത്ത് തന്നെ പൂർണമായും ഹരിതചട്ടം പാലിച്ചു കൊണ്ടാണ് കുടിവെള്ളം നൽകുന്നതെന്ന് സിറ്റി പോലീസ് കമ്മീഷണർ നാരായണൻ T ഐ.പി.എസ് പറഞ്ഞു.നഗരത്തിലെ 20 പ്രധാന ട്രാഫിക്ക് പോയിന്റുകളിലാണ് കുടിവെള്ള വിതരണം ഏർപ്പെടുത്തിയത്. താലൂക്ക് ഓഫീസ് ജംഗ്ഷനിൽ നടന്ന പരിപാടിയിൽ സിറ്റി പോലീസ് കമ്മീഷണർ നാരായണൻ റ്റി. IPS, ഏ.ആർ ക്യാമ്പ് ഡെപ്പ്യൂട്ടി കമാണ്ടന്റ് R ബാലൻ, കൊല്ലം ACP എ പ്രതീപ് കുമാർ ഏ.ആർ ക്യാമ്പ് അസിസ്റ്റന്റ് കമാണ്ടന്റ് A രാജു തുടങ്ങിയവർപങ്കെടുത്തു.



കൊടും വെയിലിനെ അവഗണിച്ച് ട്രാഫിക്ക് ഡ്യൂട്ടിചെയ്യുന്ന പോലീസുകാർക്ക് ബഹു സിറ്റി പോലീസ് കമ്മീഷണർ നാരായണൻ റ്റി IPS, കുടിവെള്ളം നൽക ുന്നു.